# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *316** — **12/ 12/ 2018-ൽ മറുപടിക്ക്**

### നിപ രോഗബാധ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ഡോ.എം.കെ. മുനീർ**<br>**ശ്രീ.എൻ.എ. നെല്ലിക്കുന്ന്**<br>**,, എൻ.ഷംസുദ്ദീൻ** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്തെ നിപ രോഗബാധ കണ്ടെത്തുന്നതിന് നിർണ്ണായക പങ്ക് വഹിച്ച മണിപ്പാൽ കസ്തൂർബാ മെഡിക്കൽ കോളേജിലെ ഡോ. ജി. അരുൺകുമാർ, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവരടങ്ങിയ സംഘം തയ്യാറാക്കി ബ്രിട്ടീഷ് മെഡിക്കൽ ജേർണലിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ നിപ രോഗം ബാധിച്ച 23 പേരിൽ 21 പേർ മരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഇത് സംബന്ധിച്ച റിപ്പോർട്ടുകൾ മാധ്യമങ്ങൾ വഴി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | നിപരോഗബാധിതരുടെ കണക്ക് തയ്യാറാക്കുന്നതിൽ ആരോഗ്യ വകുപ്പിന് വീഴ്ചയുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുമോ; | ബി) | വീഴ്ചയുണ്ടായിട്ടില്ല.<br>ശരീരസ്രവങ്ങൾ പരിശോധിച്ചവരിൽ ആകെ പതിനെട്ടുപേർക്കാണ് നിപ രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്. അതിൽ 16 പേർ മരിക്കുകയും 2 പേർ രക്ഷപ്പെടുകയും ചെയ്തിട്ടുണ്ട്. |
| സി) | കോഴിക്കോട് മെഡിക്കൽ കോളേജിലെ റേഡിയോളജി വിഭാഗത്തിലെ വി.സുധ മരിച്ചത് നിപ രോഗ ബാധ മൂലമാണെന്ന് സംശയം പ്രകടിപ്പിച്ചിരുന്നോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു; | സി) | റേഡിയോളജി വിഭാഗത്തിൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്തിരുന്ന സുധയെ വൈറൽ എൻഫൈലൈറ്റിസ് രോഗലക്ഷണങ്ങളോടെ യാണ് മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചത്. ഇവർക്കാവശ്യമായ ചികിത്സ ലഭ്യമാക്കിയിരുന്നു. സുധയിൽ നിപ വൈറസ് ബാധ സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. |
| ഡി) | നിപ രോഗം ഉണ്ടാകാനുള്ള സാധ്യതയെക്കുറിച്ച് ജാഗ്രതാനിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | ഡി) | നിപരോഗം 2018 മേയിൽ കേരളത്തിൽ ആദ്യമായി റിപ്പോർട്ട് ചെയ്തശേഷം മാത്രമാണ് ജാഗ്രതാനിർദ്ദേശം അയച്ചത്. നവംബർ മാസത്തിൽ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ജാഗ്രതാ- |

നിർദ്ദേശം നൽകിയിട്ടുണ്ട്. വവ്വാലുകളുടെ പ്രജനന കാലം ഡിസംബർ മുതൽ മേയ് വരെയാണെന്നാണ് പറയപ്പെടുന്നത്. അതിന്റെ പശ്ചാത്തലത്തിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ എല്ലാ കീഴ് സ്ഥാപനങ്ങളിലേയ്ക്കും നൽകിയിട്ടുണ്ട്.

- വവ്വാലുകൾ ഭക്ഷിച്ചതിന്റെ ബാക്കിയോ, കടിച്ചതോ ആയ പഴങ്ങളും പച്ചക്കറികളും കഴിക്കാതിരിക്കുക.
- ഉപയോഗത്തിനു മുൻപ് പഴങ്ങളും പച്ചക്കറികളും വൃത്തിയായി കഴുകുക.
- വവ്വാലുകൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ അതിക്രമിച്ച് കടക്കുകയോ അവയുമായുള്ള സമ്പർക്കം ഒഴിവാക്കുകയോ ചെയ്യേണ്ടതാണ്.
- ഗുരുതര ശ്വാസകോശരോഗ ലക്ഷണങ്ങളുള്ളവരും പനി തലച്ചോറിനെ ബാധിക്കുന്ന ലക്ഷണങ്ങളുള്ളവരുമായും സമ്പർക്കം പുലർത്തുമ്പോൾ ഡോക്ടർമാരും മറ്റ് ജീവനക്കാരും അനുയോജ്യമായ വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.
- ശ്വസന സംബന്ധമായ രോഗ-ലക്ഷണങ്ങളുമായി വരുന്ന എല്ലാ രോഗികൾക്കും 3 പാളികളുള്ള സംരക്ഷണ മാസ്ക് നൽകുകയും, ഇതിനായി ഒരു 'കഫ് കോർണർ' രൂപീകരിക്കുകയും മാസ്ക് ധരിക്കേണ്ടതിന്റെ രീതിയും ആവശ്യകതയും വിശദീകരിക്കുന്നതിനായി ജീവനക്കാരെ നിയോഗിക്കുകയും ചെയ്യേണ്ടതാണ്.
- ചുമയ്ക്കുകയോ , തുമ്മുകയോ ചെയ്യുമ്പോൾ വായും മൂക്കും തുണികൊണ്ട് മറയ്ക്കുക. ഇടയ്ക്കിടെ കൈകൾ സോപ്പുപയോഗിച്ച് വൃത്തിയായി കഴുകുക. രോഗികളുമായി ഇടപെടേണ്ടി വരുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്നിവയെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിനുള്ള

നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട് .

- എല്ലാ ആശുപത്രികളിലും അണുനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനും അതിനാവശ്യമായ സാധനസാമഗ്രികളും ആവശ്യമായ പരിശീലനവും അടിയന്തിരമായി നൽകുവാനും എല്ലാ സൂപ്രണ്ടുമാർ/ ചാർജ്ജ് മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ